# മണിപ്രവാളം

## പുനർവായന

എഡിറ്റർ: ഡോ. റീജ വി.



# മണിപ്രവാളകൃതികളും വെൺമണിപ്രസ്ഥാനവും

ഡോ. റീജ വി.

മണിപ്രവാളകൃതികളുടെ തുടർച്ചയാണോ എന്ന് ശങ്കിക്കാവുന്ന പ്രസ്ഥാനമാണ് വെൺമണിപ്രസ്ഥാനം. സംസ്കൃതത്തിന്റെയും ഭാഷയുടെയും സംപ്രൃക്തമായ മണിപ്രവാളത്തിൽനിന്ന് വ്യത്യസ്തമായി തനിമലയാളത്തിൽ നർമ്മവും ശൃംഗാരവും സ്ത്രീവർണ്ണനയും നിർവ്വഹിക്കുകയായിരുന്നു വെൺമണിക്കവികൾ. പച്ചയായ ജീവിതത്തെ ആവിഷ്കരിക്കുമ്പോഴും സാമൂഹികമായ ഭാഷാപരമായ ചരിത്രപരമായ ധർമ്മങ്ങളെ ഇവർ മറന്നില്ല. ഇത്തരമൊരു സാഹചര്യത്തെ വിലയിരുത്താനുള്ള ശ്രമമാണ് ഈ പ്രബന്ധത്തിലൂടെ.

സംസ്കൃതജടിലമായ കൃത്രിമഭാഷാശൈലി സാമാന്യജനങ്ങൾക്ക് അപ്രാപ്യമായിരുന്നു എന്നത് വെൺമണിപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുള്ള ഹേതുവായിത്തീർന്നു. സാഹിത്യമണ്ഡലത്തിൽ സംഭവിച്ചുകൊണ്ടിരുന്ന അപചയം മണിപ്രവാളകൃതികളുടെ പ്രാമാണ്യം ഇല്ലാതാക്കി. ഇവിടെയുണ്ടായ ആഭ്യന്തരകലഹങ്ങളും ഒരു പ്രധാനപങ്ക് വഹിച്ചു. ടിപ്പുവിന്റെ കേരളാക്രമണത്തോടെ മലബാറിലെ നാടുവാഴികൾക്ക് അവരുടെ സംരക്ഷണയിലുണ്ടായിരുന്ന കലാകാരന്മാർക്ക് രക്ഷനൽകാൻ കഴിയാത്ത സാഹചര്യം ഉടലെടുത്തു. നാടുവാഴികളും പ്രഭുക്കന്മാരും കവികളും തിരുവിതാംകൂറിലേക്ക് പലായനം ചെയ്തു. അങ്ങനെ സമാധാനത്തോടുകൂടി കാവ്യരചന നടത്താനുള്ള സാഹചര്യമില്ലാതായി. വേലുത്തമ്പിയുടെയും പഴശ്ശിയുടെയും തിരോധാനത്തിന് ശേഷം ബ്രിട്ടീഷ് മേൽക്കോയ്മ ഉറയ്ക്കുമ്പോഴാണ് സാഹിത്യാദി കലകൾക്ക് പറ്റിയൊരന്തരീക്ഷം ഇവിടെ സംജാതമായത്. ഇത്രയൊക്കെയാകുമ്പോഴേക്കും ഭാഷാരസപ്രധാനമായ മണിപ്രവാളം തീർത്തും നിർജ്ജീവമാകുന്നു. അതുകൊണ്ടുതന്നെ തുഞ്ചന്റെയും കുഞ്ചന്റെയും വഴിവിട്ട് അക്ഷരജ്ഞാനമുള്ള ഏവർക്കും മനസ്സിലാകുന്ന ഭാഷയിൽ വരേണ്യവടിവിൽ വേണം കാവ്യരചന നടത്തേണ്ടതെന്ന് വെൺമണി

ക്കവികൾ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ വെല്ലുവിളിയോടെ തീരുമാനി ക്കുന്നു. നല്ല ഭാഷ എന്ന കൃതിയെഴുതി പച്ചമലയാളത്തിലും കാവ്യം രചിക്കുവാൻ സാധിക്കും എന്ന് അദ്ദേഹം തെളിയിച്ചു. അതോടെ കാവ്യ സംസ്കാരത്തിൽ പുതിയ അദ്ധ്യായം തുറന്നു.

നമ്പ്യാരുടെ സമകാലീനനായിരുന്ന ചേലപറമ്പ് നമ്പൂതിരി ഇവർക്ക് തുണയായി. സംസ്കൃതജ്ഞാനികളായ നമ്പൂതിരിമാരായിരുന്നു വെൺമണിപ്രസ്ഥാനത്തിന്റെ നിർമ്മാതാക്കളും പ്രയോക്തക്കളും. അതു കൊണ്ടുതന്നെ അതിൽ അവരുടെ സ്വതസിദ്ധമായ ശൃംഗാരവും നർമ്മവും ഫലിതവും പരിഹാസവും നിറഞ്ഞുനിന്നു. മണിപ്രവാള കൃതികളെ ഓർമ്മിപ്പിക്കുന്ന വിധത്തിൽ. അച്ചീചരിതങ്ങൾ എന്ന് കേൾക്കുമ്പോൾ വായനക്കാരൻ ഉള്ളിൽ ചിരിക്കുന്നപോലെ.

എന്നാലും കാലഘട്ടത്തിന്റെ സ്പന്ദനം ഉൾച്ചേർന്നിട്ടുണ്ടവയിൽ, മണി പ്രവാളകൃതികളെപ്പോലെതന്നെ. മൂരിശൃംഗാരത്തിന്റെ കവിതകൾ എന്ന് പറഞ്ഞ് മാറ്റിനിർത്തുമ്പോൾ തന്നെ കടുത്ത ജീവിതയാഥാർത്ഥ്യ ങ്ങളിൽനിന്നും ജന്മം കൊണ്ടവയാണ് ആ കവിതകൾ. ജീർണ്ണമായി ക്കൊണ്ടിരിക്കുന്ന ഫ്യൂഡൽ സാമുദായികവ്യവസ്ഥ, ഉയർന്നുവരുന്ന മധ്യവർഗ്ഗം നമ്പൂതിരി-നായർ സംബന്ധം, സാമ്പത്തിക സംസ്കാര മണ്ഡലങ്ങളിൽ നമ്പൂതിരിമാർക്കുണ്ടായ അപചയം ഇവയാൽ കലുഷ മായ മനസ്സിന്റെ പ്രതിധ്വനികളായി വേണം വെൺമണിക്കവിതകളെ നോക്കിക്കാണാൻ. വെൺമണിപ്രസ്ഥാനത്തിന് ബീജാവാപം ചെയ്ത ചേലപറമ്പ് നമ്പൂതിരിയുടെ ഏറ്റവും മികച്ച നേട്ടം മണിപ്രവാളഭാഷയുടെ വരേണ്യപദവിയെ തച്ചുടച്ച് ഭാഷയെ സാമാന്യവത്കരിക്കാൻ സാധിച്ചു എന്നുള്ളതാണ്. ചേലപറമ്പന്റെ പ്രസിദ്ധമുക്തകം സംസ്കൃതകവി കൂടിയായ കോഴിക്കാട് മനോരമതമ്പുരാട്ടി ആവശ്യപ്പെട്ടതനുസരിച്ച് ലളിത കോമളപദാവലികൾകൊണ്ട് ദ്വിതീയാക്ഷരപ്രാസവും അന്ത്യപ്രാസവും ദീക്ഷിച്ചുകൊണ്ട് സ്രഗ്ധര വൃത്തത്തിൽ സ്വതസിദ്ധമായ നർമ്മത്തിൽ ചാലിച്ചെഴുതി.

ചഞ്ചൽചില്ലീലതയ്ക്കും പെരിയ മണമെഴും
 പൂമുടിക്കും തൊഴുന്നേൻ
അഞ്ചിക്കൊഞ്ചിക്കുഴഞ്ഞിട്ടമൃതുപൊഴിയുമപ്പുഞ്ചിരിക്കും
 തൊഴുന്നേൻ

ഏത് വിഷയവും പച്ചമലയാളത്തിൽ എഴുതാം എന്ന് പ്രത്യക്ഷ വത്കരിച്ചു വെൺമണികൾ. മണിപ്രവാളകൃതികളിലെ അങ്ങാടി വാണിഭം, സ്ത്രീവർണ്ണന, വഴിയാത്രകൾ, ഉത്സവാഭിരതി എന്നിവയും വെൺമണികൃതികളിൽ സുലഭം. പൂരപ്രബന്ധം ഉദാഹരണം. പൂന്തോട്ടത്ത്

നമ്പൂതിരിയുടെ മുക്തകം മധുവിധുകാലത്ത് തന്നെ ഭാര്യയെ വിട്ട് ദേശാന്തരഗമനത്തിന് പോയ ഭർത്താവ് ആ യാത്രയ്ക്കിടയിൽ തനിക്ക് അപ്രതീക്ഷിതമായി സംഭവിച്ച വിരഹത്തെ ഓർത്ത് പറയുന്ന മട്ടിൽ രചിച്ച ശ്ലോകം. പുതുപെണ്ണിനെ വേർപിരിയേണ്ടിവന്നതിലുള്ള സങ്കടം, സന്ദേഹം, ഉദ്വേഗം, സ്നേഹം ഇവ പ്രതിധ്വനിക്കുന്ന ശ്ലോകം മണിപ്രവാള കൃതിയെ ഓർമ്മിപ്പിക്കും.

വെൺമണിപ്രസ്ഥാനത്തിന്റെ മുഖമുദ്രകളായ രസികത്വം, ഭാഷാസൗഷ്ഠവം ശയ്യാഗുണം, പ്രാസഭംഗി, ഭാവാവിഷ്കാരം എന്നിവയെല്ലാം മേളിക്കുമ്പോൾ മണിപ്രവാളകൃതികളുടെ സത്ത ഉൾക്കൊണ്ട പ്രസ്ഥാനം തന്നെയല്ലേ എന്ന് തോന്നിപ്പിക്കുന്നു. ഭാഷ പച്ചമലയാളമാണെന്ന് വ്യത്യാസം മാത്രം. സാധാരണ ജീവിതത്തിലെ സാധാരണ സംഭവങ്ങളെ സാധാരണഭാഷയിൽ അവതരിപ്പിക്കണം എന്ന നിർബന്ധബുദ്ധിയായിരുന്നു വെൺമണി അച്ഛൻ കൈക്കൊണ്ടത്.

കവിതാരൂപത്തിലുള്ള ആദ്യയാത്രാവിവരണത്തിൽ അദ്ദേഹം എഴുതുന്നു.

> പെയ്യാവഴിക്കു മഴയും മുഴുകിക്കളിപ്പാ-
> നയ്യാ തണുത്ത ജലവും കുലവും ചുരുക്കം
> കൈയ്യാലെ വേണമഖിലം കളഭാഷിണി കേ-
> ളിയ്യാളുകൾക്കു വിഷയം പരദേശവാസം.

ഇതേ രീതിയിലുള്ള കാവ്യങ്ങളാണ് വെൺമണിക്കവികൾ എഴുതിയത്. ഒറവങ്കര നീലകണ്ഠൻനമ്പൂതിരി, ശീവൊള്ളി നാരായണൻ നമ്പൂതിരി, തോട്ടയ്ക്കാട്ട് ഇക്കാവമ്മ, കുണ്ടൂർ നാരായണമേനോൻ എന്നിങ്ങനെ ധാരാളം കവികൾ ഇത്തരമൊരു പ്രസ്ഥാനത്തെ വളർത്തിയവരിൽ. ജന്മംകൊണ്ട് വരേണ്യരായ ഇക്കവികൾ കർമ്മംകൊണ്ട് സാധാരണക്കാരാവുകയാണുണ്ടായത്.

ചുരുക്കത്തിൽ മണിപ്രവാളഭാഷയുടെ ആധിപത്യത്തെ കഴിയുന്നത്ര കുറച്ച് ഭാഷയെ ജനാധിപത്യവത്കരിച്ചു. സാധാരണജീവിതത്തിൽനിന്ന് കാവ്യവിഷയങ്ങൾ സ്വീകരിച്ചു. ജനപ്രിയമായിത്തീർന്നു.

സംസ്കൃതവൃത്തങ്ങൾക്ക് പുനഃപ്രതിഷ്ഠ നൽകി. ഭാഷാപരമായും സാംസ്കാരികപരമായും വിഷയതെരഞ്ഞെടുപ്പിലും വെൺമണികൃതികൾ ജനകീയമായ പ്രസ്ഥാനമായിത്തീരുകയാണുണ്ടായത്.


- ആധാരം-വെൺമണികൃതികൾ-ഡോ.അകവൂർ നാരായണൻ, സാഹിത്യ പ്രവർത്തകസംഘം എൻ.ബി.എസ്.കോട്ടയം